25
2025
ജൂൺ
ബുധൻ
മിഥുനം 11

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.170 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-170 പേജ് 4. വില 2.00 രൂപ




02 ഭൂമി ദേശീയ കോൺക്ലേവ് ഇന്ന് മുതൽ
03 ഇറാൻ വെടിനിർത്തൽ ലംഘിച്ചെന്ന് ഇസ്രയേൽ; തിരിച്ചടിക്കാൻ നിർദേശം
04 രഞ്ജിതയുടെ മൃതദേഹം നാട്ടിലെത്തിച്ചു; അന്ത്യാഞ്ജലിയർപ്പിച്ച് ആയിരങ്ങൾ

# വാൻ ഹായ് കപ്പൽ വീണ്ടും ചരിഞ്ഞു, ആശങ്ക



## എൻജിൻ റൂമിലേക്ക് വെള്ളംകയറുന്നു

കൊച്ചി: ബേപ്പൂരിന് സമീപം പുറംകടലിൽ തീപിടിച്ച 'വാൻഹായ് 503' കപ്പലിന്റെ എൻജിൻ റൂമിലേക്ക് വെള്ളം കയറുന്നത് ആശങ്ക സൃഷ്ടിക്കുന്നു. ഇതോടെ കപ്പൽ 30 സെൻറിമീറ്റർ കൂടി ചെരിഞ്ഞു. വെള്ളം കയറുന്ന തോത് ഇനിയും കൂടിയാൽ കപ്പൽ മുങ്ങിയേക്കാമെന്ന സൂചനയാണ് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് നൽകുന്നത്.

അതിനിടെ കപ്പൽ ഇന്ത്യൻ എക്സ്ക്യൂസീവ് ഇക്കണോമിക് സോണിന് പുറത്തേക്ക് മാറ്റണമെന്നാണ് ഡിജിഎസിന്റെ നിർദേശം. ഇന്ത്യൻ തീരത്ത് നിന്ന് 200 നോട്ടിക്കൽ മൈൽ അകലെ വലിച്ചു കൊണ്ടുപോകാനാണ് ലക്ഷ്യംവയ്ക്കുന്നത്. 24 മണിക്കൂറിനുള്ളിൽ ചിലപ്പോൾ ഈ നിർദേശം നടപ്പിലാക്കിയേക്കും. എൻജിൻ റൂം, ഡൈവിംഗ് സാഹചര്യം എന്നിവ ആശ്രയിച്ചായിരിക്കും ഇത്.

ശ്രീലങ്കയിലെ ഹമ്പൻടോട്ട തുറമുഖത്തേക്ക് കപ്പൽ നീക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്. പാരിസ്ഥിതിക അനുമതികളും സുരക്ഷാ പ്രോട്ടോക്കോളും അനുസരിച്ചാകും തുടർനടപടികൾ. അതേസമയം മറ്റ് അപകടകരമായ നിലയിലേക്കു നീങ്ങിയാൽ കാലതാമസം കൂടാതെ മാറ്റുന്നതിനുള്ള നടപടികളും ഉണ്ടാകും.

അതേസമയം, കപ്പലിലെ വോയേജ് ഡാറ്റ റെക്കോഡർ (വിഡിആർ) വീണ്ടെടുത്തിട്ടുണ്ട്. വൈകാതെ ഇത് തീരത്തെത്തിക്കും. കപ്പലിന്റെ മാസ്റ്റർ ബുധനാഴ്ച കൊച്ചിയിലെത്തിയേക്കുമെന്നാണ് വിവരം. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ വിഡിആറിൽ നിന്നുള്ള വിവരങ്ങൾ വ്യാഴാഴ്ച വേർതിരിച്ചെടുക്കും. ഇതിൽ കസ്റ്റംസ്, ലോജിസ്റ്റിക്സ് എന്നിവരുടെ സാന്നിധ്യവും ഉറപ്പാക്കിയിട്ടുണ്ട്. വിഡിആറിൽ നിന്നുള്ള വിവരങ്ങൾ കപ്പൽ അപകടത്തിന്റെ കാരണങ്ങൾ കണ്ടെത്താൻ സഹായിക്കുമെന്നാണ് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗിന്റെ നിഗമനം. കപ്പലിന്റെ വേഗം, ദിശ, ക്രൂ അംഗങ്ങളുടെ സംസാരം, മറ്റു കപ്പലുകളുമായുള്ള ആശയവിനിമയം തുടങ്ങിയവ ഇതിലുണ്ടാകും.

# കാത്തിരിപ്പിന് അവസാനം; ശുഭാംശു ശുക്ലയുടെ ബഹിരാകാശ യാത്ര ഇന്ന്

ന്യൂയോർക്ക്: ഇന്ത്യൻ ബഹിരാകാശ യാത്രികനായ ശുഭാംശു ശുക്ലയെ ബഹിരാകാശത്തെത്തിക്കുന്ന ആക്സിയം -4 ദൗത്യം ജൂൺ 25നെന്ന് നാസ വ്യക്തമാക്കി. നേരത്തെ പല തവണ ഈ ബഹിരാകാശ ദൗത്യം വൈകിയിരുന്നു. ജൂൺ 22 ഞായറാഴ്ചയായിരുന്നു അവസാനം വിക്ഷേപിക്കാനിരുന്നത്.

ഇന്ത്യ, ഹംഗറി, പോളണ്ട് എന്നീ രാജ്യങ്ങളുടെ ബഹിരാകാശത്തേയ്ക്കുള്ള തിരിച്ചുവരവിനെ അടയാളപ്പെടുത്തുന്ന ആക്സിയം- 4 ദൗത്യം ബുധനാഴ്ച ഫ്ളോറിഡയിലെ നാസയുടെ കെന്നഡി സ്പേസ് സെൻററിൽ നിന്ന് സ്പേസ് എക്സിന്റെ ഫാൽക്കൺ 9 ബഹിരാകാശ പേടകം വഴി പറന്നുയരും. ഇന്ത്യൻ സമയം പുലർച്ചെ 12.01നാണ് നാലാമത്തെ സ്വകാര്യ ബഹിരാകാശ ദൗത്യമായ ആക്സിയം മിഷൻ -4 വിക്ഷേപണമെന്ന് നാസ പ്രസ്താവനയിൽ വ്യക്തമാക്കി. ഓർബിറ്റൽ ലബോറട്ടറിയിലെ സർവീസ് മൊഡ്യൂളിന്റെ പിൻഭാഗത്ത് മിക്ക ഭാഗങ്ങളിലുമായി നടന്ന അറ്റകുറ്റപ്പണികൾക്ക് ശേഷം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് തുടരാൻ ബഹിരാകാശ ഏജൻസിക്ക് കൂടുതൽ സമയം ആവശ്യമായതിനാൽ ജൂൺ 22ലെ വിക്ഷേപണം നീട്ടിവയ്ക്കുകയാണെന്ന് നാസ മുമ്പ് പ്രഖ്യാപിച്ചിരുന്നു. നാസയുടെ മുതിർന്ന ബഹിരാകാശ പര്യവേഷക പെഗ്ഗി വിറ്റ്സൺ, പോളണ്ട് സ്വദേശി സ്ലാവോസ് ഉസ്നാൻസ്കി, ഹംഗറിയിൽ നിന്നുള്ള ടിബോർ കാപു എന്നിവരാണ് ആക്സിയം 4-ലെ മറ്റ് അംഗങ്ങൾ. അന്താരാഷ്ട്ര ബഹിരാകാശ നിലയ(ഐഎസ്എസ്)ത്തിലേക്ക് യാത്ര ചെയ്യുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന നേട്ടമാണ് ഇതോടെ വ്യോമസേന(ഐഎഎഫ്)യിലെ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയ്ക്ക് സ്വന്തമാകുക. വ്യോമസേനയിൽ യുദ്ധവിമാന പൈലറ്റാണ് മുപ്പത്തിയൊമ്പതുകാരനായ ശുഭാംശു. ഉത്തർപ്രദേശിലെ ലക്നോ സ്വദേശിയാണ്.

2019ൽ ഗഗൻയാൻ ദൗത്യത്തിലേക്ക് ശുഭാംശു ശുക്ലയെ ഐഎസ്ആർഒ തെരഞ്ഞെടുത്തിരുന്നു. റഷ്യയിലെ യൂറി ഗഗാറിൻ കോസ്മോനോട്ട് പരിശീലന കേന്ദ്രത്തിൽ പരിശീലനവും നേടി. എഎക്സ്4 ദൗത്യത്തിലെ അനുഭവസമ്പത്ത് ഗഗൻയാന് പ്രയോജനം ചെയ്യുമെന്ന് ശുക്ല പറഞ്ഞു.

# പശ്ചിമേഷ്യയിൽ സമാധാനം; വെടിനിർത്തൽ അംഗീകരിച്ച് ഇറാനും ഇസ്രയേലും

ടെഹ്റാൻ: ദിവസങ്ങൾ നീണ്ട സംഘർഷങ്ങൾക്കൊടുവിൽ പശ്ചിമേഷ്യയിൽ സമാധാനം. ഇറാനും ഇസ്രയേലും തമ്മിൽ വെടിനിർത്തൽ നിലവിൽ വന്നു. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് നിർദേശിച്ച വെടിനിർത്തൽ ഇരുരാജ്യങ്ങളും അംഗീകരിച്ചു.

ട്രംപാണ് വെടിനിർത്തൽ ആദ്യം ലോകത്തെ അറിയിച്ചത്. പിന്നാലെ ഇറാനും ഇസ്രയേലും വെടിനിർത്തൽ വാർത്ത സ്ഥിരീകരിക്കുകയായിരുന്നു. ഇസ്രയേലിലേക്ക് അവസാനവട്ട മിസൈലുകളും അയച്ചതിനുപിന്നാലെയാണ് ഇറാൻ വെടിനിർത്തൽ അംഗീകരിച്ചത്. വെടിനിർത്തൽ ആരംഭിച്ചതായി ഇറാന്റെ ഔദ്യോഗിക ടെലിവിഷൻ അറിയിച്ചിരുന്നു.

തുടർന്ന്, ട്രംപിന്റെ നിർദേശപ്രകാരം ഇറാനുമായി ഉഭയകക്ഷി വെടിനിർത്തൽ കരാർ അംഗീകരിച്ചെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും അറിയിച്ചു. അതേസമയം, വെടിനിർത്തൽ ലംഘിക്കുന്ന ഏതൊരു നടപടിയോടും ഇസ്രയേൽ ശക്തമായി പ്രതികരിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. വെടിനിർത്തലിനായി ഇറാനും ഇസ്രയേലും തന്നെ സമീപിക്കുകയായിരുന്നുവെന്ന് ട്രംപ് അവകാശപ്പെട്ടിട്ടുണ്ട്. 'ഇസ്രയേലും ഇറാനും ഒരേസമയം എന്റെയടുത്തേക്ക് വന്ന് പറഞ്ഞു, - സമാധാനം! സമയം ഇപ്പോഴാണെന്ന് എനിക്കറിയാമായിരുന്നു. ലോകവും പശ്ചിമേഷ്യയുമാണ് യഥാർഥ വിജയികൾ! . രണ്ട് രാജ്യങ്ങളുടെയും ഭാവിയിൽ വലിയ സ്നേഹവും സമാധാനവും സമൃദ്ധിയും ഉണ്ടാകും. അവർക്ക് നേടാൻ ഒരുപാടുണ്ട്, എന്നാൽ നീതിയുടെയും സത്യത്തിന്റെയും പാതയിൽ നിന്ന് വ്യതിചലിച്ചാൽ നഷ്ടപ്പെടാനും ഒരുപാടുണ്ട്. ഇസ്രയേലിന്റെയും ഇറാന്റെയും ഭാവി അതിരുകളില്ലാത്തതും വലിയ വാഗ്ദാനങ്ങളാൽ നിറഞ്ഞതുമാണ്. ദൈവം നിങ്ങളെ ഇരുവരേയും അനുഗ്രഹിക്കട്ടെ! '- ട്രംപ് ട്രൂത്ത് സോഷ്യലിൽ കുറിച്ചു.

അതേസമയം, വെടിനിർത്തൽ പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പായി ഇസ്രയേലിന്റെ തെക്കൻ മേഖലയിൽ ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിൽ നാലുപേർ കൊല്ലപ്പെടുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. ബീർഷെബയിൽ അപ്പാർട്ട്മെൻറ് കെട്ടിടത്തിനും കേടുപാടുകൾ സംഭവിച്ചു.

# യുവാവിനെ കൊലപ്പെടുത്തിയത് പെൺസുഹൃത്തിന്റെ ഭർത്താവ്; പ്രതി കസ്റ്റഡിയിൽ



കൊച്ചി: പള്ളുരുത്തിയിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകം. പെൺസുഹൃത്തിന്റെ ഭർത്താവായ ഷിഹാസാണ് ആഷിഖിനെ കൊലപ്പെടുത്തിയത്. പ്രതി കുറ്റം സമ്മതിച്ചെന്നും ഇയാളെ കസ്റ്റഡിയിലെടുത്തെന്നും മട്ടാഞ്ചേരി പോലീസ് അറിയിച്ചു. തിങ്കളാഴ്ച വൈകിട്ട് മിനിലോറിയിൽ രക്തം വാർന്ന നിലയിലാണ് ആഷിഖിനെ കണ്ടെത്തിയത്. പെൺസുഹൃത്താണ് ഇയാളെ ആശുപത്രിയിലെത്തിച്ചത്. എന്നാൽ ജീവൻ രക്ഷിക്കാനായില്ല. ഇതിന് പിന്നാലെയാണ് പെൺസുഹൃത്തിനെയും ഭർത്താവിനെയും പോലീസ് ചോദ്യം ചെയ്തത്. കൊലപാതകത്തിൽ പെൺസുഹൃത്തിന് പങ്കുണ്ടോയെന്ന് പരിശോധിക്കുകയാണെന്നും പോലീസ് അറിയിച്ചു.






# വർത്തമാന കാലത്ത് ഭരണഘടനാ മൂല്യങ്ങൾക്ക് പ്രസക്തിയേറുന്നു: മുഖ്യമന്ത്രി

നീതി, സ്വാതന്ത്ര്യം തുല്യത, മതനിരപേക്ഷത, ഫെഡറലിസം എന്നിവ വെല്ലുവിളികൾ നേരിടുന്ന വർത്തമാന കാലത്ത് ഭരണഘടനാ മൂല്യങ്ങൾക്ക് പ്രസക്തിയേറുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.ഭരണഘടന നിർമാണ സഭയിൽ നടന്ന ചർച്ചകളുടെ മലയാള പരിഭാഷ പുസ്തകത്തിന്റെ പ്രകാശനം നിയമസഭാ ശങ്കര നാരായണൻ തമ്പി ഹാളിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.



ഭരണഘടനാ നിർമാണ സഭാ ചർച്ചകൾ മലയാളം പരിഭാഷ പുസ്തക പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിപക്ഷ നേതാവ് വി ഡി സതീശന് നൽകി പ്രകാശനം ചെയ്യുന്നു. സ്പീക്കർ എ എൻ ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മന്ത്രിമാരായ എം ബി രാജേഷ്, കെ രാജൻ, കെ എൻ ബാലഗോപാൽ, ചീഫ് വിപ്പ് ഡോ. എൻ ജയരാജ്, പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി, പി ജെ ജോസഫ് എം എൽ എ എന്നിവർ സമീപം

പുരോഗമനാത്മകവും വിപ്ലവാത്മകവുമായ നിയമങ്ങൾ പാസാക്കിയ നിയമസഭയാണ് കേരളത്തിന്റേത്.സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക മേഖലകളിൽ ദൂരവ്യാപകമായ ഗുണ ഫലങ്ങൾ സൃഷ്ടിക്കാൻ ഇതിലൂടെ കഴിഞ്ഞു.മറ്റ് സംസ്ഥാനങ്ങളും കേന്ദ്രസർക്കാരും ഉൾപ്പെടെ ഈ അനുകരണീയ മാതൃകകളെ പിന്നീട് പിൻതുടർന്നു എന്നതും അഭിമാനകരമാണ്. ഇതിന്റെ തുടർച്ചയായി പൊതു പ്രവർത്തകർക്കും സമൂഹത്തിനും ഭരണ ഘടനയുടെ രൂപീകരണ വഴികൾ മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽഭരണ ഘടന നിർമാണ അസംബ്ലിയിലെ ചർച്ചകളുടെ മലയാള പരിഭാഷ പുസ്തകരൂപത്തിൽ കേരള നിയമസഭ പുറത്തിറക്കുകയാണ്.ആദ്യ വാല്യത്തിന്റെ പ്രകാശനമാണ് ഇവിടെ നടക്കുന്നത്.

ഒത്തുതീർപ്പുകളും വിയോജിപ്പുകളും ഉൾക്കൊണ്ട് രൂപീകരിക്കാൻ കഴിഞ്ഞു എന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ ഒന്നിത്യവും വിജയവും. അനേകം ആശയധാരകളുടെ നിയമശിൽപ്പരൂപമായാണ് ഭരണഘടനയെ കണേണ്ടത്.നിർഭയമായി അഭിപ്രായം രേഖപ്പെടുത്താൻ അനുവദിക്കുന്ന ഭരണഘടന നിലനിൽക്കുന്ന രാജ്യത്ത്അഭിപ്രായ സ്വാതന്ത്യം കൂച്ചു വിലങ്ങിടുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അവകാശങ്ങളുടെ പ്രസക്തി ഭരണഘടന വ്യക്തതമായി പ്രതിപാദിക്കുന്നു. ബ്രിട്ടീഷ്, അമേരിക്കൻ ഭരണഘടനകളുടെയടക്കം വിദേശീയവും തദ്ദേശീയവുമായ സത്തയ നമ്മൾ ഉൾക്കൊണ്ടിട്ടുണ്ട്. ഇതിന് പഞ്ചായത്ത് രാജ് മുതൽ അധികാര വികേന്ദ്രീകരണം വരെയുള്ള നിയമ നിർമാണങ്ങൾ ഉദാഹരണങ്ങളാണ്. ജാതി മത ചിന്തകൾക്കപ്പുറം മൗലികാവകാശങ്ങൾ ഉറപ്പു നൽകുകയും വൈവിധ്യങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നുവെന്നത് ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതയാണ്. സാമൂഹിക സൂക്ഷ്മാംശങ്ങൾ തിരിച്ചറിഞ്ഞ് അധസ്ഥിത വിഭാഗങ്ങൾക്ക് പരിഗണന നൽകി സാമൂഹിക ജനാധിപത്യ വ്യവസ്ഥ കെട്ടിപ്പെടുക്കാൻ ഭരണഘടന രൂപീകരണത്തിന് നേതൃത്വം നൽകിയ ഡോ. ബി ആർ അംബദ്ക്കർ അടക്കമുള്ളവരെ ഈ വേളയിൽ സ്മരിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.പുസ്തകത്തിന്റെ പ്രകാശനം മുഖ്യമന്ത്രി പ്രതിപക്ഷ നേതാവ് വി ഡി സതീശന് നൽകി നിർവഹിച്ചു.വജ്രകാന്തിയിൽ പതിനാലാം കേരളനിയമസഭ എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ മന്ത്രി എ കെ ശശീന്ദ്രന് നൽകി പ്രകാശനം നിർവഹിച്ചു. കേരളം പാസാക്കിയ നിയമങ്ങൾ-പ്രഭാവ പഠനങ്ങൾ വാല്യം കക പുസ്കത്തിന്റെ പ്രകാശനം മന്ത്രി കെ രാജൻ പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടിക്ക് നൽകി പ്രകാശനം നിർവഹിച്ചു. ബജറ്റ് പ്രസംഗങ്ങൾ വാല്യം ക & കക പുസ്തകങ്ങളുടെ പ്രകാശനം മന്ത്രി കെ എൻ ബാലഗോപാൽ ഗവ. ചീഫ് വിപ്പ് ഡോ.എൻ ജയരാജിന് നൽകി പ്രകാശനം നിർവഹിച്ചു. സഭാധ്യക്ഷന്റെ തീരുമാനങ്ങളും റൂളിംഗുകളും എന്ന പുസ്തകം മന്ത്രി എം ബി രാജേഷ് പി ജെ ജോസഫ് എം എൽ എക്ക് നൽകി പ്രകാശനം ചെയ്തു. നിയമസഭ സെക്രട്ടറി ഡോ. എൻ കൃഷ്ണകുമാർ, ഡോ. എൻ. കെ. ജയകുമാർ എന്നിവർ സംബന്ധിച്ചു.

ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ ഭാഗമായാണ് ഭരണഘടനാ നിർമ്മാണസഭയുടെ ചർച്ചകൾ ഔദ്യോഗികമായി മലയാളത്തിലേക്ക് തർജമചെയ്യുകയെന്ന ഉദ്യമത്തിന് കേരള നിയമസഭാ സെക്രട്ടേറിയറ്റ് തുടക്കം കുറിച്ചത്.

## എ.ഐ പരിശീലന പരിപാടി

തിരുവനന്തപുരം ഗവൺമെന്റ് എൻജിനിയറിങ് കോളേജ് ബാർട്ടൺഹില്ലിലെ ടിപിഎൽസി സെന്റർ 26, 27 തീയതികളിൽ രണ്ട് ദിവസത്തെ എ ഐ പരിശീലന പരിപാടി സംഘടിപ്പിക്കും. ചാറ്റ് ജിപിടി, കാൻവ എ.ഐ, നോഷൻ എ.ഐ തുടങ്ങിയ ടൂളുകൾ ഉപയോഗിച്ച് വ്യാവസായിക നിർവഹണക്ഷമതയും, എഐ ഉപയോഗത്തിലെ ഉത്തരവാദിത്വവും ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകും. ജോലിക്കാർ, അധ്യാപകർ, യുജി / പിജി വിദ്യാർഥികൾക്ക് പങ്കെടുക്കാം. മൂവായിരം രൂപയാണ് ഫീസ്. https://forms.gle/EdCvyb9xWzKiDmfk6എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക്: 9995527866 / 9995527865.

## ഭിന്നശേഷിക്ഷേമ കോർപ്പറേഷനിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റ, യോഗ്യത, പരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ജൂൺ 27 ന് രാവിലെ 9 മണിക്ക് തിരുവനന്തപുരം പൂജപ്പുരയിലെ സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ മുഖ്യ ഓഫീസിൽ നേരിട്ട് എത്തണം. എം.സി.എ അല്ലെങ്കിൽ ബി.ടെക് (കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനിയറിങ് / ഇൻഫർമേഷൻ ടെക്നോളജി) അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടാവണം. സിസ്റ്റം അഡ്മിനിസ്ട്രേഷൻ, സെർവർ മാനേജ്മെന്റ്, നെറ്റ് വർക്കിംഗ്, ക്ലൗഡ് കമ്പ്യൂട്ടറിംഗ് എന്നിവയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. കൂടാതെ ഡാറ്റാബേസ് / സെർവർ അഡ്മിനിസ്ട്രേഷനിൽ പ്രവർത്തി പരിചയം അഭികാമ്യം. പ്രതിമാസം 28,100 രൂപയാണ് വേതനം.

## ഐ.ടി.ഐ പ്രവേശനം

കഴക്കൂട്ടം ഗവ. വനിത ഐ.ടി.ഐ യിലെ 14 NCVTട്രേഡുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.https://itiadmissions.kerala.gov.inപോർട്ടലിലൂടെ ഓൺലൈനായി ജൂൺ 30 വൈകിട്ട് 5 മണിവരെ അപേക്ഷിക്കാം. അപേക്ഷ ഫീസ് 100 രൂപ. അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിന്റൗട്ട്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി ജൂലൈ 3നകം സർട്ടിഫിക്കറ്റ് പരിശോധയ്ക്കായി തൊട്ടടുത്തുള്ള ഐ.ടി.ഐയിൽ നേരിട്ട് ഹാജരാകണം.

## ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലണം

അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനത്തിന്റെ ഭാഗമായി അഞ്ചാംഘട്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നടക്കുന്ന ജൂൺ 26ന് എല്ലാ സർക്കാർ ഓഫീസുകളിലും പൊതുഇടങ്ങളിലും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലണം.

പ്രതിജ്ഞ: മാനവരാശിയെതകർക്കുന്ന മയക്കുമരുന്ന് എന്ന യഥാർത്ഥ്യം ഞാൻ തിരിച്ചറിയുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗം അത് ഉപയോഗിക്കുന്ന വ്യക്തിയോടൊപ്പം കുടുംബത്തേയും സമൂഹത്തേയും പൂർണ്ണമായും നശിപ്പിക്കുമെന്നും ഞാൻ മനസ്സിലാക്കുന്നു. ഒരു പൗരൻ എന്ന നിലയിൽ, "ജീവിതവും സേവനവുമാണ് ലഹരി"എന്ന ആശയം എന്റെ ജീവിതത്തിലും കുടുംബത്തിലും തൊഴിൽ ഇടങ്ങളിലും പകർത്തുന്നതിനൊപ്പം സഹപ്രവർത്തകരിലും മറ്റുള്ളവരിലും ഈ ആശയം പകർത്തുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യും. യാതൊരുവിധ ലഹരി വസ്തുക്കളും ഞാൻ ഉപയോഗിക്കില്ല എന്നും എന്റെ കുടുംബത്തിലും പ്രവർത്തന മണ്ഡലത്തിലും സമൂഹത്തിലും അത്തരത്തിലുള്ള പ്രവണതകളെ നിയമപരമായി തടയേണ്ടത് എന്റെ ഉത്തരവാദിത്തം ആണെന്ന് തിരിച്ചറിഞ്ഞു കൊണ്ട്, 'ലഹരിമുക്ത നവകേരളം' പടുത്തുയർത്തുവാൻ എന്റെ എല്ലാ കഴിവുകളും വിനിയോഗിച്ച് പ്രവർത്തിക്കുമെന്നും ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

## കിക്മ എം.ബി.എ സ്പോട്ട് അഡ്മിഷൻ

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 2025-27 ബാച്ചിലേക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ജൂൺ 27ന് രാവിലെ 10 മുതൽ കിക്മ കോളേജ് ക്യാമ്പസിൽ സ്പോട്ട് അഡ്മിഷൻ നടത്തും.കേരള സർവകലാശാലയുടെയും എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും, എസ്.സി./ എസ്.ടി/ ഫിഷറീസ് വിഭാഗത്തിനായി സംവരണം ചെയ്തതിൽ ഒഴിവുള്ള സീറ്റിലേക്കും ഇതോടൊപ്പം അഡ്മിഷൻ നടത്തും.50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദവും, പ്രവേശന പരീക്ഷ സ്കോറുംമാണ് അടിസ്ഥാന യോഗ്യത. കൂടുതൽവിവരങ്ങൾക്ക്: 9496366741/ 8547618290,

# വിപുലമായ ലഹരിവിരുദ്ധ പരിപാടികളുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ്; 'ബോധപൂർണ്ണിമ' സംസ്ഥാനതല കർമ്മപദ്ധതിക്ക് തുടക്കമാകും

ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പ് 'ബോധപൂർണ്ണിമ' സംസ്ഥാനതല കർമ്മപദ്ധതിയുടെ ഉദ്ഘാടനവും ജൂൺ 26-ന് ലഹരിവിരുദ്ധ ദിനാചരണവും സംഘടിപ്പിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. സെക്രട്ടറിയേറ്റ് ലയം ഹാളിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ കലാലയങ്ങളെ ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാങ്കേതിക, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റുകളുടെ ആഭിമുഖ്യത്തിൽ വിപുലമായ പ്രചാരണ പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ തീരുമാനങ്ങളുടെ തുടർച്ചയായാണ് ഈ കർമ്മപദ്ധതിക്ക് അന്തിമരൂപം നൽകിയിരിക്കുന്നത്.

ജൂൺ 26-ന് രാവിലെ 9:30-ന് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളോടും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനോടും അഫിലിയേറ്റ് ചെയ്ത എല്ലാ കലാലയങ്ങളിലും ലഹരിവിരുദ്ധ പ്രതിജ്ഞ നടക്കും. അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ പ്രതിജ്ഞയെടുക്കും. തിരുവനന്തപുരം സർക്കാർ വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ലഹരിവിരുദ്ധ ദിനാചരണം മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഡോ. സുധീർ സ്വാഗതം ആശംസിക്കും.

ജൂൺ 26 വൈകിട്ട് 3:30-ന് മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ കർമ്മപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുന്നതോടെ കലാലയങ്ങളിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കമാകും. ഈ പരിപാടികൾ ഓൺലൈനിൽ തത്സമയം വീക്ഷിക്കാനും ഇതിൽ പങ്കാളികളാകാനും എല്ലാ കലാലയങ്ങളിലും സൗകര്യമൊരുക്കിയിട്ടുണ്ട്. ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബ് ടീമുകൾ ബസ് സ്റ്റാൻഡുകൾ, പ്രധാന ജംഗ്ഷനുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്. ലഹരിവിരുദ്ധ ദിനത്തിൽ എല്ലാ ക്ലാസുകളിലും വിദ്യാർത്ഥികളുടെ സഭകൾ ചേർന്ന് മയക്കുമരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിനെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കും. ലഹരിവിമുക്ത ക്യാമ്പസിനായുള്ള മാസ്റ്റർ പ്ലാൻ എല്ലാ സ്ഥാപനങ്ങളോടും തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാൻ ജൂൺ 26-ന് ക്ലാസ്സ് സഭകളിൽ ചർച്ച ചെയ്യും.

മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന സംസ്ഥാനതല കർമ്മപദ്ധതി പ്രഖ്യാപനത്തിന് മുന്നോടിയായി ജൂൺ 25-ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ 'ബോധപൂർണ്ണിമ' നോഡൽ ഓഫീസർമാരുടെ സംസ്ഥാനതല പരിശീലന പരിപാടിയും സമ്പൂർണ്ണ ഹരിത ക്യാമ്പസ് പ്രഖ്യാപനവും നടക്കും. അടുത്ത അധ്യയന വർഷത്തേക്കുള്ള കർമ്മപദ്ധതിയുടെ പ്രഖ്യാപനവും പരിശീലന പരിപാടിയുടെ ഉദ്ഘാടനവും മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും.

ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. ജയപ്രകാശ് പി. സ്വാഗതമാശംസിക്കും. ലഹരിവിരുദ്ധ ക്യാമ്പസ് പ്രതിരോധ ശൃംഖല, ബോധവൽക്കരണ ക്വിസ്, പ്രതിജ്ഞ, ഹെൽപ്പ് ലൈൻ സംവിധാനം, ക്യാമ്പസ് ജാഗ്രതാ സമിതി രൂപീകരണം, കൗൺസലിംഗ് സഹായം, കലാസാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെട്ട കർമ്മപദ്ധതി നോഡൽ ഓഫീസർ ജയൻ പി. വിജയൻ അവതരിപ്പിക്കും.

സർക്കാർ, എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ, സർക്കാർ കൊമേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഫൈൻ ആർട്സ് കോളേജുകൾ, ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ സ്ഥാപനതല നോഡൽ ഓഫീസർമാരും ആസാദ് സേന വളണ്ടിയർമാരും പരിശീലന പരിപാടിയിൽ പങ്കെടുക്കും.

ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ സൈക്യാട്രി മെഡിക്കൽ ഓഫീസർ ഡോ. എൻ. സുഭാഷ്, ക്യാമ്പസുകളിലെ ലഹരി ആഭിമുഖ്യം ഫലപ്രദമായി എങ്ങനെ നിയന്ത്രിക്കാം എന്ന വിഷയത്തിൽ ക്ലാസെടുക്കും. തുടർ പ്രവർത്തനങ്ങൾ ലഹരിവിരുദ്ധ ദിനാചരണത്തിന് ശേഷം കലാലയങ്ങളിൽ നിരവധി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ഒന്നാം വർഷ വിദ്യാർത്ഥികൾ പ്രവേശിക്കുമ്പോൾ, ലഹരിവസ്തുക്കൾ ഉപയോഗിക്കില്ലെന്നും ലഹരിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഏർപ്പെടില്ലെന്നും സത്യവാങ്മൂലം എഴുതി വാങ്ങി വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കും. സീനിയർ വിദ്യാർത്ഥികളിൽ നിന്നും സമാനമായ സത്യവാങ്മൂലം ശേഖരിക്കും.ലഹരിവിരുദ്ധ ആശയം ഉൾക്കൊള്ളിച്ചുള്ള സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ ആരംഭിക്കും. പോസ്റ്ററുകൾ, കാർട്ടൂണുകൾ, ട്രോളുകൾ, റീൽസ്, വീഡിയോകൾ എന്നിവ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കും. 'ചീ റീ ഊഴ' എന്ന പേരിൽ വെബ്സൈറ്റ്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് പേജുകൾ എന്നിവ രൂപീകരിച്ച് പ്രചരിപ്പിക്കാനുള്ള സംവിധാനവും ഒരുക്കും.

സാഹിത്യ-കലാ പരിപാടികളും ഈ പ്രവർത്തനങ്ങളുടെ ഭാഗമാകും. കവിതാ പാരായണം, കഥാ പാരായണം, ലഘുനാടകം, സ്കിറ്റ് തുടങ്ങിയവ സംഘടിപ്പിക്കും. കവിത, കഥ, ലേഖനം, ലഘുനാടകം, പോസ്റ്റർ നിർമ്മാണം, ഹ്രസ്വചിത്ര നിർമ്മാണം എന്നിവയിൽ ലഹരിവിരുദ്ധ സന്ദേശം മുൻനിർത്തി മത്സരങ്ങളും നടത്തും. നാഷണൽ സർവ്വീസ് സ്കീമിന്റെ (ചടട) ആഭിമുഖ്യത്തിൽ രൂപീകരിച്ച 'ആസാദ് സേന' ലഹരിവിരുദ്ധ തുടർ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കും. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ എല്ലാ ക്യാമ്പസുകളിലും 'വിമുക്തി ക്ലബ്ബുകൾ' സ്ഥാപിക്കും. 'ശ്രദ്ധ', 'നേർക്കൂട്ടം' എന്നീ പരിപാടികൾ സർവ്വകലാശാലകളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കോളേജുകളിലും ആരംഭിക്കും.

ലഹരിവിമുക്ത കോളേജ് സംരക്ഷണ സമിതി എന്ന പേരിൽ കോളേജുകളിലും, ലഹരിവിമുക്ത സർവ്വകലാശാലാ കാമ്പസ് സംരക്ഷണ സമിതി എന്ന പേരിൽ സർവകലാശാലകളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കും. ഓരോ മാസവും ഈ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. എൻ.എസ്.എസ്., എൻ.സി.സി., വിമുക്തി ക്ലബ്, പി.ടി.എ. എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കും.

ഹോസ്റ്റലുകളിൽ വാർഡൻ ചെയർപേഴ്സണായി ലഹരിവിരുദ്ധ പ്രചാരണ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഉറപ്പാക്കും. സ്ഥാപനം, സർവ്വകലാശാല, സംസ്ഥാനം എന്നീ തലങ്ങളിൽ ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളിച്ചുള്ള രചനാ മത്സരങ്ങളും പോസ്റ്റർ നിർമ്മാണ മത്സരങ്ങളും ഹ്രസ്വചിത്ര നിർമ്മാണ മത്സരങ്ങളും നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സർക്കാരിന്റെ മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി എൻ.എസ്.എസ്. ടെക്നിക്കൽ സെൽ പോളിടെക്നിക് ക്യാമ്പസുകളിൽ നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സംസ്ഥാനത്തെ 101 പോളിടെക്നിക്കുകളിൽ 99 എണ്ണവും ഹരിതകേരളം മിഷന്റെ ഹരിത ക്യാമ്പസ് അംഗീകാരം കരസ്ഥമാക്കിയിട്ടുണ്ട്. ഈ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് പോളിടെക്നിക്കുകളിലെ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിനുള്ള പ്രശംസാപത്രം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുമെന്നും മന്ത്രി അറിയിച്ചു.

# ഭൂമി ദേശീയ കോൺക്ലേവ് ഇന്ന് മുതൽ

സ്മാർട്ട് ലാൻഡ് ഗവേണൻസ് പ്രമേയമാക്കി റവന്യൂ, സർവെ - ഭൂരേഖാ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഡിജിറ്റൽ സർവെ ദേശീയ കോൺക്ലേവ് ഇന്ന് (ജൂൺ 25) വൈകിട്ട് നാലിന് തിരുവനന്തപുരത്ത് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. റവന്യു വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി എ ജയതിലക് സ്വാഗതമാശംസിക്കും. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ ബി ഗണേഷ്കുമാർ, വി ഡി സതീശൻ, വി ശിവൻകുട്ടി, കെ എൻ ബാലഗോപാൽ, ജി ആർ അനിൽ, പി രാജീവ്, എം ബി രാജേഷ്, പി പ്രസാദ്, മേയർ ആര്യ രാജേന്ദ്രൻ, എംപിമാർ, എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും.

ജൂൺ 25 മുതൽ 28 വരെ കോവളത്തെ ഉദയ് സമുദ്ര ഹോട്ടലിൽ നടക്കുന്ന കോൺക്ലേവിൽവിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള റവന്യൂ വകുപ്പ് മന്ത്രിമാരും റവന്യൂ-സെറ്റിൽമെന്റ് കമ്മിഷണർമാരും സർവെ ഡയറക്ടർമാരും മറ്റ് മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥരും പങ്കെടുക്കും.

അരുണാചൽ പ്രദേശ്, ചത്തീസ്ഗഢ്, തമിഴ്നാട്, ഹരിയാന, ആന്ധ്രപ്രദേശ്, ഡെൽഹി, ഹിമാചൽപ്രദേശ്, ഗോവ, കർണ്ണാടക, മധ്യപ്രദേശ്, പുതുച്ചേരി, മണിപ്പൂർ, രാജസ്ഥാൻ, മഹാരാഷ്ട്ര, അസം, ഝാർഖണ്ഡ്, നാഗാലാൻറ്, സിക്കിം, തെലങ്കാന, ത്രിപുര, ഉത്താരാഖണ്ഡ്, പശ്ചിമ ബംഗാൾ, ചണ്ഡീഗഢ്, ദാദ്ര നാഗർ ഹവേലി, ദാമൻ ആൻറ് ദിയു, ലഡാക് എന്നീ 26 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സർവെ, റവന്യൂ വകുപ്പുകളിലെ മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥരും മറ്റ് പ്രതിനിധികളുമാണ് പങ്കെടുക്കുന്നത്.

കോൺക്ലേവിൽ രണ്ടു ദിവസങ്ങളിലായി ലാൻറ് ഗവേണൻസിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും അനുഭവങ്ങളും കേരളത്തിൻറെ നേട്ടങ്ങളുടെ വെളിച്ചത്തിൽ വിവിധ സെഷനുകളിലായി പങ്കുവയ്ക്കും. അന്തർദ്ദേശീയ, ദേശീയ തലത്തിൽ ഈ രംഗത്തെ വിദഗ്ദ്ധരും സെഷനുകളിൽ പങ്കെടുക്കും. കേരളത്തിന്റെ എൻറെ ഭൂമി പോർട്ടൽ അടക്കമുള്ള വിപ്ലവാത്മകമായ നേട്ടങ്ങളെ ലോകത്തിനു മുമ്പിലും ദേശീയ തലത്തിലും ഉയർത്തിക്കാട്ടുന്നതോടൊപ്പം രണ്ടാം ഭൂപരിഷ്ക്കരണ മുന്നേറ്റത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്ന സാങ്കേതിക, ഭരണ നേട്ടങ്ങളും ചർച്ച ചെയ്യപ്പെടും.

കോൺക്ലേവിനോടൊപ്പം ഉദയ് സമുദ്രയിൽ നടക്കുന്ന ഡിജിറ്റൽ സർവെ എക്സ്പോ ഭൂഭരണ രംഗത്തെ ഏറ്റവും മികച്ച സംവിധാനങ്ങളും രീതികളും മുന്നേറ്റങ്ങളും സാങ്കേതിക മുൻകൈകളും പ്രദർശിപ്പിക്കും.

കോൺക്ലേവിൻറെ അവസാന ദിവസമായ ജൂൺ 28 ന് വിവിധ ജില്ലകളിൽ നടക്കുന്ന ഫീൽഡ് സന്ദർശനം സംസ്ഥാനത്ത് മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിച്ച ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ തത്സമയം കാണാനും ചാലകശക്തികളായ ഉദ്യോഗസ്ഥരോടും മറ്റ് സ്റ്റേക്ക് ഹോൾഡർമാരോടും സംവദിക്കാനും പൊതുജന കേന്ദ്രീകൃതമായ ഡിജിറ്റൽ റീസർവെ നേരിൽ കാണാനും അവസരം ഒരുക്കും.

# Adani Group to invest USD 15-20 bn across businesses over next 5 yrs: Gautam Adani

New Delhi : The Adani Group plans to invest a record USD 15-20 billion across businesses over the next five years to chart out the next phase of growth, Chairman Gautam Adani said on Tuesday as he touted the conglomerate's strong balance sheet and robust business to shrug off relentless scrutiny it faces.

Record earnings from the businesses ranging from seaports to airports, renewable energy parks to data centres, cement to gas and electricity has built India's largest infrastructure group that not only exists just to serve the markets but to serve the nation's destiny, he said.

Addressing the group's annual general meeting virtually, he referred to recent indictment by the US authorities in an alleged bribery scheme to win lucrative renewable energy supply contracts, saying no one from Adani Group has been charged with violating US Foreign Corrupt Practices Act (FCPA) or conspiring to obstruct justice.

"Even in the face of the storms and relentless scrutiny, the Adani Group has never backed down. Instead, we proved that true leadership is not built in sunshine. It is constructed in the fire of crisis, " he said.

"This was tested again last year, when we faced allegations from the US Department of Justice and the SEC relating to Adani Green Energy. "

Despite all the noise, "the facts are that no one from the Adani Group has been charged with violating the FCPA or conspiring to obstruct justice, " he said.

"We live in a world where negativity often echoes louder than the truth. And as we cooperate with legal processes, let me also restate that our governance is of global standards, and our compliance frameworks are non-negotiable. "

In January 2023,US short-seller Hindenburg Research published a scathing report describing the Adani Group as "the largest con in corporate history". The fallout was swift: stock prices plummeted, wiping out over USD 150 billion in market value at the lowest point, and the group's biggest public offering was abruptly scrapped.

Just as the group scripted a comeback through a mix of trimming of debt, cutting back on the founder's pledged shares, bringing in both promoter and marquee investor equity, and refocusing attention on the group's core businesses, the conglomerate was hit by US authorities charging Adani and his close associates of allegedly paying bribes to secure Indian power supply contracts and misleading US investors during fund raises.

The Adani group has denied all allegations of wrongdoing and went about refocusing its efforts, resulting in most of its stocks recovering and the group posting record earnings.

"In terms of consolidated numbers, at the group-level, revenues grew by 7 per cent, EBITDA by 8.2 per cent, and our net debt-to-EBITDA ratio remained healthy at 2.6x. Total revenues were Rs 2,71,664 crore and our adjusted EBITDA was Rs 89,806 crore, " he said.

Adani, Asia's second-richest person behind Mukesh Ambani, said the objective of his conglomerate is not to just build businesses -- it is to create new possibilities. "Not just to serve markets -- but to serve our nation's destiny. Not to chase valuation. But build valuation -- brick by brick. "

"And in this context, our capital investment across businesses is set to break all records. We anticipate an annual capex spend of USD 15 20 billion for the next 5 years. These are not just investments in our group, but investments in the possibilities for doing our part to build India's infrastructure, " he said.

Talking of business performance, Adani said the group's electricity generation unit, Adani Power crossed 100 billion units of generation and is on track to reach 31 GW capacity by 2030.

Renewable energy arm, Adani Green is building the world's largest renewable energy park at Khavda in Gujarat with a target of 50 GW by 2030.

"In fact, when we combine our thermal, renewable and pumped hydro generation capacities, we expect to have a 100 GW capacity by 2030, " he said.

The group's electricity transmission unit, Adani Energy Solutions handled smart metering, high-voltage links and secured close to Rs 44,000 crore in transmission orders and is executing Rs 13,600 crore worth of smart metering projects.

Clean energy vertical, Adani New Industries is building electrolysers and factories to produce 10 GW of solar modules by the next financial year.

While Adani Ports handled a record 450 million tonnes of cargo, natural resources produced by the group touched a record 47 million tonnes of coal and iron ore and is on track to achieve over 30 per cent growth by FY26.

"Two and a half years ago, when we acquired Holcim's India cement business, we had made a bold commitment -- to double our capacity to 140 million tonnes per annum by FY27-28.Today, I am proud to share that we have already achieved 72 per cent of that target and crossed the 100 million tonnes milestone, " he said.

Adani Airports handled record 94 million passengers in FY25 and has completed the first test flight at the greenfield Navi Mumbai Airport, which will open later this year with an initial passenger capacity of 20 million.

Adani said his group has launched gigawatt-scale renewable energy-powered data centre campuses across multiple states. On city gas business, Adani Total Gas now serves 1 million piped natural gas customers and runs 3,400 EV charging stations across 22 states.

"But perhaps our most transformative project is unfolding in Dharavi -- Asia's largest slum, now being reimagined as India's most ambitious urban rehabilitation project, " he said. "Over 1 million people will move from narrow lanes to a township that will feature spacious layouts, dual toilets, open spaces, schools, hospitals, transit hubs and parks. "

Stating that a nation's future is not written in policy documents, he said it is written in the risks its entrepreneurs dare to take.

"And history should remember us -- not for the size of our balance sheet, but for the strength of our backbone. Not for the markets we entered, but for the storms we handled and emerged stronger. For it is easy to lead in sunshine, but true leadership is forged in the face of crisis, " he added.

PTI

## പശ്ചിമേഷ്യയിൽ വെടിനിർത്തൽ, സ്വർണവിപണിയിൽ ആശ്വാസം; ഒറ്റയടിക്ക് കുറഞ്ഞത് 600 രൂപ

കൊച്ചി: സംസ്ഥാനത്ത് തുടർച്ചയായ രണ്ടാംദിനവും സ്വർണവില താഴേക്ക്. പവന് ഒറ്റയടിക്ക് 600 രൂപയും ഗ്രാമിന് 75 രൂപയുമാണ് ഇടിഞ്ഞത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 73,240 രൂപയിലും ഗ്രാമിന് 9,155 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 60 രൂപ കുറഞ്ഞ് 7,510 രൂപയിലെത്തി. ഈ മാസം 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്ര വിലയിലെത്തിയിരുന്നു. തുടർന്ന്, വില താഴേക്കു പോകുന്നതാണ് കണ്ടത്. കഴിഞ്ഞ വാരാന്ത്യം വീണ്ടും കുതിച്ചുകയറിയ ശേഷമാണ് തിങ്കളാഴ്ച മുതൽ ഇടിയാൻ തുടങ്ങിയത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണ വില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തര വില ഔൺസിന് 3,386 ഡോളറിൽ നിന്ന് 3,351 ഡോളറിലേക്ക് ഇടിഞ്ഞു. ഇറാനും ഇസ്രയേലും വെടിനിർത്തലിലേക്ക് കടക്കുന്നതായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചതിനു പിന്നാലെയാണ് രാജ്യാന്തര സ്വർണവില താഴേക്കുപോയത്. ഇതിന്റെ ചുവടുപിടിച്ചാണ് കേരളത്തിലും വിലയിടിഞ്ഞത്.

അതേസമയം, വെള്ളി വിലയും ഇന്നു കുറഞ്ഞു. ഗ്രാമിന് രണ്ടുരൂപ കുറഞ്ഞ് 116 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

## ഇറാൻ വെടിനിർത്തൽ ലംഘിച്ചെന്ന് ഇസ്രയേൽ; തിരിച്ചടിക്കാൻ നിർദേശം

ടെൽ അവീവ്: ഇറാൻ വെടിനിർത്തൽ കരാർ ലംഘിച്ചെന്ന് ആരോപിച്ച് ഇസ്രയേൽ. കരാർ നിലവിൽ വന്നതിന് ശേഷവും ഇറാൻ മിസൈൽ തൊടുത്തുവെന്നാണ് ആരോപണം. ഇതേത്തുടർന്ന് തിരിച്ചടിക്കാൻ ഇസ്രയേൽ പ്രതിരോധ മന്ത്രി നിർദേശം നൽകി. അതേസമയം, ഇസ്രയേലിന്റെ ആരോപണം ഇറാൻ നിഷേധിച്ചു. വെടിനിർത്തൽ പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പായി ഇസ്രയേലിന്റെ തെക്കൻ മേഖലയിൽ ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിൽ നാലു പേർ കൊല്ലപ്പെടുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ബീർഷെബയിൽ അപ്പാർട്ട്മെൻറ് കെട്ടിടത്തിനും കേടുപാടുകൾ സംഭവിച്ചു.

12 ദിവസം നീണ്ട ഇസ്രയേൽ– ഇറാൻ സംഘർഷത്തിന് ശേഷം ഇന്നു രാവിലെയാണ് വെടിനിർത്തൽ കരാർ നിലവിൽ വന്നത്. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപാണ് വെടിനിർത്തൽ ആദ്യം ലോകത്തെ അറിയിച്ചത്. പിന്നാലെ ഇറാനും ഇസ്രയേലും വെടിനിർത്തൽ വാർത്ത സ്ഥിരീകരിക്കുകയായിരുന്നു. ഇസ്രയേലിലേക്ക് അവസാന വട്ട മിസൈലുകളും അയച്ചതിനുപിന്നാലെയാണ് ഇറാൻ വെടിനിർത്തൽ അംഗീകരിച്ചത്. വെടിനിർത്തൽ ആരംഭിച്ചതായി ഇറാന്റെ ഔദ്യോഗിക ടെലിവിഷൻ അറിയിച്ചിരുന്നു.

തുടർന്ന്, ട്രംപിന്റെ നിർദേശപ്രകാരം ഇറാനുമായി ഉഭയകക്ഷി വെടിനിർത്തൽ കരാർ അംഗീകരിച്ചെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും അറിയിച്ചു. അതേസമയം, വെടിനിർത്തൽ ലംഘിക്കുന്ന ഏതൊരു നടപടിയോടും ഇസ്രയേൽ ശക്തമായി പ്രതികരിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. വെടിനിർത്തൽ നിലവിൽ വന്നതിന് പിന്നാലെ ഇസ്രയേൽ വ്യോമപാത തുറക്കുകയും ചെയ്തിരുന്നു.

## ഇതര മതസ്ഥനെ വിവാഹം കഴിച്ചതിന് ജീവിച്ചിരിക്കുന്ന മകളുടെ മരണാനന്തര ചടങ്ങുകൾ നടത്തി കുടുംബം

കോൽക്കത്ത: ഇതര മതസ്ഥനായ യുവാവിനെ വിവാഹം കഴിച്ചതിന് ജീവിച്ചിരിക്കുന്ന മകളുടെ മരണാനന്തര ചടങ്ങുകൾ നടത്തി കുടുംബം. പശ്ചിമബംഗാളിലെ നാദിയ ജില്ലയിൽ ഷിബ്നിബാസ് ഗ്രാമപഞ്ചായത്തിലാണ് സംഭവം.

ഒന്നാം വർഷ ബിരുദ വിദ്യാർഥിനിയായ പെൺകുട്ടി വീട്ടുകാർ നിശ്ചയിച്ച വിവാഹം വേണ്ടെന്ന് വച്ചാണ് പ്രണയിച്ച യുവാവിനൊപ്പം പോയത്. മറ്റൊരു മതത്തിൽപ്പെട്ടയാളെ വിവാഹം ചെയ്ത മകൾ തങ്ങളെ സംബന്ധിച്ചിടത്തോളം മരിച്ചതിന് തുല്യമാണെന്നും അതിനാലാണ് അവളുടെ അന്ത്യകർമ്മങ്ങൾ നടത്തിയതെന്നും കുടുംബം പറഞ്ഞു. അടുത്ത ബന്ധുക്കൾ തല മുണ്ഡനം ചെയ്യുന്നതുൾപ്പെടെയുള്ള ആചാരങ്ങളോടെയാണ് ചടങ്ങുകൾ നടത്തിയത്. ക്ഷേത്രത്തിൽ നിന്നുള്ള പുരോഹിതന്റെ നേതൃത്വത്തിലായിരുന്നു മരണാനന്തര ചടങ്ങുകൾ. പെൺകുട്ടിയുടെ മാലയിട്ട ചിത്രവും ചടങ്ങിൽ വച്ചിരുന്നു. ഇതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

പെൺകുട്ടി ഇതരമതസ്ഥനായ യുവാവിനൊപ്പം പോയി 12-ാം നാളാണ് കുടുംബം മരണാനന്തര ചടങ്ങുകൾ നടത്തിയത്.ഹൻസ്ഖാലി ഗസ്ന മേഖലയിൽ നിന്നുള്ള യുവാവുമായി പെൺകുട്ടി പ്രണയത്തിലായിരുന്നു. ഈ ബന്ധം അംഗീകരിക്കാൻ കുടുംബം തയാറായിരുന്നില്ല. പെൺകുട്ടി നേരത്തെയും ഇതേ യുവാവിനൊപ്പം ഇറങ്ങിപ്പോയിട്ടുണ്ടെന്ന് കുടുംബം പറയുന്നു. പെൺകുട്ടിക്ക് മറ്റൊരു യുവാവുമായി കുടുംബം വിവാഹം ഉറപ്പിച്ചിരുന്നു. തന്റെ സമ്മതമില്ലാതെ ഉറപ്പിച്ച വിവാഹത്തിന് തയാറല്ലെന്ന് പറയുകയും കുടുംബത്തിന്റെ തീരുമാനത്തെ എതിർക്കുകയും ചെയ്തിരുന്നു. തുടർന്നാണ് യുവാവിനൊപ്പം ഇറങ്ങിപ്പോയത്. പെൺകുട്ടി തങ്ങളുടെ വിശ്വാസം തകർത്തെന്നും അവളെ മകളായി കാണാൻ ഇനി സാധിക്കില്ലെന്നുമാണ് അമ്മ പറഞ്ഞത്. മൂന്നുമാസം മുൻപ് അവൾ ഇതേ യുവാവിനൊപ്പം പോയതാണ്. അന്ന് ഞങ്ങൾ അവളെ തിരികെ കൊണ്ടുവന്നു. എന്നാൽ അവൾ വീണ്ടും പോയി അവനെ വിവാഹം കഴിച്ചു. ഇനി അവളെ ഞങ്ങൾക്കുവേണ്ട. ഞങ്ങളെ സംബന്ധിച്ചിടത്തോളം അവൾ മരിച്ചുകഴിഞ്ഞു. അതുകൊണ്ടാണ് മരണാനന്തര ചടങ്ങുകൾ നടത്തുന്നത് - പെൺകുട്ടിയുടെ ബന്ധു പറഞ്ഞു. പെൺകുട്ടിയുടെ വസ്ത്രങ്ങളും പുസ്തകങ്ങളും സർട്ടിഫിക്കറ്റുകളും ഉൾപ്പെടെ എല്ലാ സാധനങ്ങളും കുടുംബം കത്തിച്ചുകളയുകയും ചെയ്തു. അതേസമയം, സംഭവത്തെക്കുറിച്ച് അറിഞ്ഞെന്നും ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും പോലീസ് അറിയിച്ചു. പെൺകുട്ടിക്ക് പ്രായപൂർത്തിയായതിനാൽ ഒരു നടപടിയും സ്വീകരിക്കാൻ കഴിയില്ലെന്നും പോലീസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

## സൈനിക ശേഷി വർധിപ്പിക്കാൻ ഇന്ത്യ; 2000 കോടിയുടെ കരാറിന് പ്രതിരോധ മന്ത്രാലയത്തിന്റെ അംഗീകാരം

ന്യൂഡൽഹി: രാജ്യത്തിന്റെ സൈനിക ശേഷി വർധിപ്പിക്കാൻ 2000 കോടിയുടെ കരാറിന് അംഗീകാരം നൽകി പ്രതിരോധ മന്ത്രാലയം. ഡ്രോൺ പ്രതിരോധ സംവിധാനങ്ങൾ ഉൾപ്പെടെ വാങ്ങാനാണ് കരാർ. ഇത് സംബന്ധിച്ച 13 കരാറിലാണ് ഒപ്പുവച്ചത്. ഇൻറഗ്രേറ്റഡ് ഡ്രോൺ ഡിറ്റക്ഷൻ ആൻ ഇൻറർഡിക്ഷൻ സിസ്റ്റം, ലോ ലെവൽ ലൈറ്റ് വെയ്റ്റ് റഡാർ,വെരി ഷോർട്ട് റേഞ്ച് എയർ ഡിഫൻസ് സിസ്റ്റം, വിദൂര നിയന്ത്രിത നിരീക്ഷണ ഡ്രോണുകൾ, ലോയ്റ്ററിംഗ് മ്യൂണിഷനുകൾ, ചെറുകിട ഡ്രോണുകൾ, ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ, വെടിയുണ്ടകളെ പ്രതിരോധിക്കുന്ന ഹെൽമറ്റുകൾ, കവചിത വാഹനങ്ങൾ, തോക്കുകളിൽ ഘടിപ്പിക്കാവുന്ന രാത്രിയിലും കാഴ്ച നൽകുന്ന നൈറ്റ് സൈറ്റ് സംവിധാനം എന്നിവയാണ് അടിയന്തരമായി വാങ്ങുന്നത്. സേനയെ ആധുനികവത്കരിക്കുക, കൂടുതൽ കരുത്തുറ്റതാക്കുക, ഉയരുന്ന പുതിയകാല ഭീഷണികളെ നേരിടാൻ പര്യാപ്തരാക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ആയുധ സംഭരണത്തിന് പിന്നിലുള്ളത്. അടിയന്തരമായി സേനയിലേക്ക് ഈ സംവിധാനങ്ങൾ വാങ്ങാനാണ് കരാർ. ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെയാണ് രാജ്യത്തിന്റെ പ്രതിരോധ ശേഷി വർധിപ്പിക്കാൻ തീരുമാനമെടുത്തിരുന്നു. ഈ സാഹചര്യത്തിലാണ് നടപടി.

## ഇറാന് ആണവായുധം നൽകില്ല; നിലപാട് വ്യക്തമാക്കി റഷ്യ

മോസ്ക്കോ: ഇറാനെ സഹായിക്കാനായി നേരിട്ട് ഇറങ്ങില്ലെന്നും ആണവായുധം നൽകില്ലെന്നും വ്യക്തമാക്കി റഷ്യ. ഇസ്രയേൽ – ഇറാൻ സംഘർഷത്തിൽ അമേരിക്കൻ ഇടപെടൽ ഉണ്ടായതിന് പിന്നാലെയാണ് റഷ്യ നിലപാട് വ്യക്തമാക്കിയത്. ഇറാനിലെ അമേരിക്കൻ ആക്രമണത്തെ അപലപിച്ച റഷ്യ, അമേരിക്കയുടെ ആക്രമണം ലക്ഷ്യം കണ്ടില്ലെന്നും അഭിപ്രായപ്പെട്ടു. അമേരിക്കൻ ആക്രമണം ലക്ഷ്യം നേടില്ലെന്നും റഷ്യൻ ഫെഡറേഷൻ സുരക്ഷാ കൗൺസിൽ ഡെപ്യൂട്ടി ചെയർമാൻ ദിമിത്രി മെദ്‌വദേവ് വിവരിച്ചു. തങ്ങൾ ആണവ നിർവ്യാപന കരാറിന്റെ ഭാഗമെന്നും മെദ്‌വദേവ് വിശദീകരിച്ചു. നേരത്തെ ഇറാൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനിയുടെ പ്രത്യേക കത്തുമായി ഇറാൻ വിദേശകാര്യമന്ത്രി സയ്യിദ് അബ്ബാസ് അറാഗ്ചി റഷ്യൻ തലസ്ഥാനമായ മോസ്കോയിലെത്തി പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇറാനിലെ ആണവ കേന്ദ്രങ്ങളിൽ അമേരിക്ക നടത്തിയ സൈനിക ആക്രമണങ്ങൾക്ക് പിന്നാലെയയിരുന്നു റഷ്യയുടെ കൂടുതൽ സഹായം തേടിയുള്ള നിർണായക സന്ദർശനം. പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി അറാഗ്ചി കൂടിക്കാഴ്ച നടത്തിയെങ്കിലും ഇറാനെ സഹായിക്കാനായി റഷ്യ നേരിട്ടിറങ്ങില്ലെന്ന സന്ദേശമാണ് ലഭിച്ചത്.

## വ്യോമഗതാഗതം പുനസ്ഥാപിച്ച് ഖത്തറും കുവൈറ്റും

ദോഹ: അമേരിക്കൻ ആക്രമണത്തിന് പിന്നാലെ അടച്ച വ്യോമതാവളം തുറന്ന് ഖത്തർ. വിമാന സർവീസ് പുനരാരംഭിച്ചതായും ഖത്തർ അറിയിച്ചു. ഖത്തർ എയർവേസ് സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. ഖത്തറിലെ അമേരിക്കൻ വ്യോമ താവളത്തിലായിരുന്നു നേരത്തെ ഇറാൻ ആക്രമണം നടത്തിയത്. ഖത്തർ വ്യോമഗതാഗതം തുറന്നതിന് പിന്നാലെ കുവൈറ്റും വ്യോമഗതാഗതം പുനസ്ഥാപിച്ചു. കുവൈറ്റ് വ്യോമഗതാഗതം പുനസ്ഥാപിച്ചതായി സിവിൽ ഏവിയേഷൻ അറിയിച്ചു. പ്രസക്തമായ അധികാരികളുമായുള്ള ഏകോപനത്തിന്റെയും പ്രസക്തമായ പ്രാദേശിക, അന്തർദേശീയ സ്ഥാപനങ്ങളുമായുള്ള സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ, വ്യോമമേഖല വീണ്ടും തുറക്കാനും കുവൈറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കും തിരിച്ചുമുള്ള വ്യോമഗതാഗതം സാധാരണ നിലയിലാക്കാനും തീരുമാനിച്ചതായി സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ അറിയിച്ചു. കുവൈറ്റ് വ്യോമമേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറലിന്റെ പ്രതിബദ്ധത ഈ തീരുമാനം സ്ഥിരീകരിക്കുന്നു, കൂടാതെ ബന്ധപ്പെട്ട പ്രാദേശിക, അന്തർദേശീയ അധികാരികളുമായി സഹകരിച്ച് പ്രത്യേക ടീമുകൾ നടത്തിയ കൃത്യമായ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

## ട്രംപിന്റെ വെടിനിർത്തൽ പ്രഖ്യാപനം വിലപോയില്ല; ഇറാനിൽ ആക്രമണം തുടർന്ന് ഇസ്രയേൽ

ടെൽ അവീവ്: യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ വെടിനിർത്തൽ പ്രഖ്യാപനത്തിന് പിന്നാലെ ഇറാനിൽ ആക്രമണം തുടർന്ന് ഇസ്രയേൽ. ടെഹ്റനിലെ നിരവധി മേഖലകളിൽ ഇസ്രയേൽ ആക്രമണം നടത്തിയെന്നാണ് വിവരം. ഇറാനും ഇസ്രയേലും തമ്മിലുള്ള വെടിനിർത്തൽ കരാർ ആറ് മണിക്കൂറിനുള്ളിൽ നിലവിൽ വരുമെന്നാണ് ട്രംപ് പ്രഖ്യാപിച്ചത്. 24 മണിക്കൂറിനുള്ളിൽ യുദ്ധം അവസാനിക്കുമെന്നും ട്രംപ് അറിയിച്ചു. വെടിനിർത്തൽ ധാരണയിലെത്തിയ ഇരുരാജ്യങ്ങളെയും അഭിനന്ദിക്കുന്നുവെന്ന് ട്രംപ് പ്രതികരിച്ചു. എന്നാൽ ട്രംപിന്റെ അറിയിപ്പിനോട് ഇസ്രയേലും ഇറാനും പ്രതികരിച്ചില്ല. അതേസമയം, ഇറാനെ സഹായിക്കാനായി നേരിട്ട് ഇറങ്ങില്ലെന്നും ആണവായുധം നൽകില്ലെന്നും റഷ്യ അറിയിച്ചു. ഇസ്രയേൽ – ഇറാൻ സംഘർഷത്തിൽ അമേരിക്കൻ ഇടപെടൽ ഉണ്ടായതിന് പിന്നാലെയാണ് റഷ്യ നിലപാട് വ്യക്തമാക്കിയത്. ഇറാനിലെ അമേരിക്കൻ ആക്രമണത്തെ അപലപിച്ച റഷ്യ, അമേരിക്കയുടെ ആക്രമണം ലക്ഷ്യം കണ്ടില്ലെന്നും അഭിപ്രായപ്പെട്ടു. അമേരിക്കൻ ആക്രമണം ലക്ഷ്യം നേടില്ലെന്നും റഷ്യൻ ഫെഡറേഷൻ സുരക്ഷാ കൗൺസിൽ ഡെപ്യൂട്ടി ചെയർമാൻ ദിമിത്രി മെദ്‌വദേവ് വിവരിച്ചു. തങ്ങൾ ആണവ നിർവ്യാപന കരാറിന്റെ ഭാഗമെന്നും മെദ്‌വദേവ് വിശദീകരിച്ചു.




എ.ഐ.എം ഗോവയിൽ സംഘടിപ്പിച്ച മെഷീൻകോൺ ഉച്ചകോടിയിൽ ഇൻഫോസിസ് മുൻ സിഇഒയും സംസ്ഥാന സർക്കാരിൻറെ ഹൈ പവർ ഐടി കമ്മിറ്റി വൈസ് ചെയർമാനുമായ എസ്.ഡി ഷിബുലാൽ സംസാരിക്കുന്നു. ഇല്ക്ട്രോണിക്സ് ആൻഡ് ഐടി സ്പെഷ്യൽ സെക്രട്ടറി ശ്രീറാം സാംബശിവ റാവു, ഫിഡിലിറ്റി നാഷണൽ ഫിനാൻഷ്യൽ ഇന്ത്യ എംഡിയും മേധാവിയുമായ ജോർജ് ഈനാശു എന്നിവർ സമീപം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# രഞ്ജിതയുടെ മൃതദേഹം നാട്ടിലെത്തിച്ചു; അന്ത്യാഞ്ജലിയർപ്പിച്ച് ആയിരങ്ങൾ



അഹമ്മദാബാദിൽ വിമാന ദുരന്തത്തിൽ മരിച്ച മലയാളി നഴ്സ് രഞ്ജിതയുടെ ഭൗതിക ശരീരത്തിൽ മന്ത്രിമാരായ വി ശിവൻകുട്ടിയും ജി ആർ അനിലും ആദരവർപ്പിക്കുന്നു

പുല്ലാട് (പത്തനംതിട്ട): അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പുല്ലാട്-കൊഞ്ഞോൺ വീട്ടിൽ രഞ്ജിത ജി. നായർക്ക് (39) അന്ത്യാഞ്ജലി അർപ്പിച്ച് നാട്. സംസ്കാരം ഇന്ന് വൈകുന്നേരം 4.30 ന് വീട്ടുവളപ്പിൽ. മൃതദേഹം അഹമ്മദാബാദിൽ നിന്ന് ഡൽഹി വഴി ഇന്നുരാവിലെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിച്ചു.

ബന്ധുക്കളും മന്ത്രിമാരും ബഹുജന രാഷ്ട്രീയ നേതാക്കളും അടക്കം നിരവധി പേർ തിരുവനന്തപുരം വിമാനത്താവളത്തിൽ കാത്തുനിന്നിരുന്നു. സഹോദരൻ രതീഷും ബന്ധു ഉണ്ണികൃഷ്ണനും മൃതദേഹത്തെ അനുഗമിച്ചിരുന്നു. രഞ്ജിതയുടെ ബന്ധുക്കളും കുടുംബാംഗങ്ങളും ഏറ്റുവാങ്ങിയ മൃതദേഹത്തിൽ സംസ്ഥാന സർക്കാരിനു വേണ്ടി മന്ത്രി വി. എസ്. ശിവൻകുട്ടി ആദരാഞ്ജലി അർപ്പിച്ചു.

സിപിഎം അഖിലേന്ത്യ ജനറൽ സെക്രട്ടറി എം. എ. ബേബി, സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ, കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, കേരള കോൺഗ്രസ് വൈസ് ചെയർമാൻ ജോസഫ് എം. പുതുശേരി തുടങ്ങിയവരും വിമാനത്താവളത്തിൽ ആദരാഞ്ജലി അർപ്പിച്ചു. മൃതദേഹം രഞ്ജിത പഠിച്ച പുല്ലാട് ശ്രീവിവേകാനന്ദ ഹൈസ്കൂളിൽ രാവിലെ 9.45 ഓടെ വിലാപയാത്രയായി എത്തിച്ചു. അവിടെ പൊതുദർശനത്തിനു വച്ചിരിക്കുകയാണ്. ജീവിതത്തിന്റെ നാനാതുറകളിൽപെട്ടവർ അന്ത്യാഞ്ജലി അർപ്പിച്ചുവരുന്നു.

നാടിനും വീടിനും ഏറെ പ്രിയപ്പെട്ടവളായിരുന്ന രഞ്ജിതയുടെ ഭൗതികശരീരം അടക്കം ചെയ്ത പേടകം കണ്ട് മാതാവ് തുളസിയും മക്കളായ ഇന്ദുചൂഡനും ഇതികയും അലമുറയിട്ടു. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും നീണ്ട നിരയാണ് പുല്ലാട്ടേക്ക് എത്തിയിരിക്കുന്നത്. വൈകുന്നേരത്തോടെ വീട്ടിലെത്തിച്ച് മകൻ ഇന്ദുചൂഡൻ കർമങ്ങൾ നടത്തി സംസ്കരിക്കും.

യുകെയിലേക്കുള്ള യാത്രയ്ക്കിടെ കഴിഞ്ഞ 12ന് എയർ ഇന്ത്യ വിമാനം അഹമ്മദാബാദ് വിമാനത്താവളത്തിനു സമീപം പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിലാണ് രഞ്ജിത മരിച്ചത്. പൂർണമായി കത്തിക്കരിഞ്ഞ മൃതദേഹത്തിൽ നിന്നു രഞ്ജിത ധരിച്ച വസ്ത്രത്തിന്റെ അവശിഷ്ടങ്ങളും പാദരക്ഷകളും ലഭിച്ചിരുന്നു.

ആന്തരിക അവയവയങ്ങളുടെ പരിശോധനയിലൂടെയാണ് സ്ഥിരീകരണം ഉണ്ടായത്. ഇതിനായി നാട്ടിൽ നിന്ന് മാതാവ് തുളസിയുടെയും മകൻ ഇന്ദുചൂഡന്റെയും രക്തസാമ്പിളുകൾ ശേഖരിച്ച് അഹമ്മദാബാദിലെത്തിച്ചിരുന്നു. നേരത്തെ സഹോദരൻ രതീഷിന്റെ രക്തസാമ്പിളുകൾ പരിശോധിച്ചപ്പോൾ ഡിഎൻഎ ഫലം ലഭിക്കാൻ വൈകിയിരുന്നു. ഇന്നലെയാണ് ഡിഎൻഎ പരിശോധനയിലൂടെ രഞ്ജിതയുടെ മൃതദേഹം തിരിച്ചറിഞ്ഞത്.

പൂർണമായും കത്തിക്കരിഞ്ഞ നിലയിലായതിനാൽ എംബാം ചെയ്ത് പ്രത്യേക പെട്ടിയിലടക്കം ചെയ്ത് ഇന്നലെ അഹമ്മദാബാദ് വിമാനത്താവളത്തിൽ സഹോദരൻ രതീഷ് മൃതദേഹം സ്വീകരിച്ചു. പെട്ടി തുറക്കരുതെന്ന നിർദേശമാണ് ആശുപത്രി അധികൃതർ ബന്ധുക്കൾക്ക് നൽകിയിരിക്കുന്നത്.

പൊതുദർശന സമയത്ത് അന്ത്യോപചാരം അർപ്പിക്കുന്നതിന് എല്ലാ സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് കമ്മിറ്റി ക്രമീകരിച്ചിട്ടുണ്ട്. രഞ്ജിതയുടെ ബഹുമാനാർഥം പൊതു ദർശനം തീരുന്നതുവരെ പുല്ലാട് ജംഗ്ഷനിലെ കടകൾ അടച്ച് വ്യാപാരികൾ രാവിലെ ഹർത്താൽ ആചരിച്ചു. പുല്ലാട് ശ്രീവിവേകാനന്ദ സ്കൂളിലും ഗവൺമെൻറ് എൽപി സ്കൂളിനും ഇന്ന് അവധി നൽകിയിരിക്കുകയാണ്.

## തിരുവനന്തപുരത്ത് കറങ്ങി നടന്ന് കാപ്പ കേസ് പ്രതി; കസ്റ്റഡിയിലെടുത്ത് പൊലീസ്

തിരുവനന്തപുരം: ക്രിമിനൽ കേസുകളിൽപെട്ട് കാപ്പ ആക്ടിൽ നാടുകടത്തിയ പ്രതി നാട്ടിൽ തിരികെയെത്തിയതിനു പിന്നാലെ കസ്റ്റഡിയിലെടുത്ത് പൊലീസ്. ഉഴമലയ്ക്കൽ കുളപ്പടശ്രുതി ഭവനിൽ ശ്രീലാൽ(26) ആണ് കസ്റ്റഡിയിലായത്.

ആര്യനാട് പോലീസാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ആര്യനാടും സമീപ പൊലീസ് സ്റ്റേഷൻ പരിധിയിലും കവർച്ച, വധശ്രമം തുടങ്ങി നിരവധി ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പ്രതിയും കാപ്പാ നിയമ പ്രകാരം മുൻപ് കരുതൽ തടങ്കലിൽ കഴിഞ്ഞിരുന്നയാളുമായ ശ്രീലാൽ ജയിൽ മോചിതനായി വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതോടെയാണ് മാസങ്ങൾക്ക് മുമ്പ് ഇയാളെ ജില്ലയ്ക്ക് പുറത്തേക്ക് കടത്തിയത്.

ഏപ്രിൽ മുതൽ ആറ് മാസത്തേക്ക് തിരുവനന്തപുരം പ്രവേശിക്കാൻ പാടില്ലെന്ന തിരുവനന്തപുരം റെയ്ഞ്ച് ഡിഐജിയുടെ ഉത്തരവ് നിലനിൽക്കേയാണ് ഇയാളെ ആര്യനാടും പരിസരത്തും കണ്ടതായി വിവരം ലഭിച്ചത്. രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആര്യനാട് പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ അജീഷും സംഘവും നടത്തിയ പരിശോധനയിൽ ആര്യനാട്-നെടുമങ്ങാട് റൂട്ടിലെ കൊങ്ങണത്ത് നിന്നും പ്രതിയെ സാഹസികമായി പിടികൂടുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വിഎസിനെ ആശുപത്രിയിൽ സന്ദർശിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രിയും സിപിഎമ്മിന്റെ മുതിർന്ന നേതാവുമായ വി. എസ്. അച്യുതാനന്ദനെ സന്ദർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. രാവിലെ 11.15 ഓടെയാണ് മുഖ്യമന്ത്രി തിരുവനന്തപുരം എസ്‌യുടി ആശുപത്രിയിലെത്തിയത്.

വിഎസിനെ കണ്ട ശേഷം മാധ്യമങ്ങളോട് പ്രതികരിക്കാതെ മുഖ്യമന്ത്രി മടങ്ങി. തിങ്കളാഴ്ച രാവിലെയാണ് ശ്വാസംമുട്ടലിനെ തുടർന്ന് പട്ടത്തെ സ്വകാര്യ ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചത്. ഇതിനിടെ അദ്ദേഹത്തിനു ഹൃദയാഘാതവുമുണ്ടായി. ഇപ്പോൾ കാർഡിയാക് ഐസിയുവിൽ ചികിത്സയിലാണ് അദ്ദേഹം.

# കെട്ടിവച്ച കാശ് പോയിട്ടും സംഘപരിവാരം ആഘോഷിച്ച് തകർക്കുന്നു: എം. സ്വരാജ്

മലപ്പുറം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ തന്റെ തോൽവി സകല നിറത്തിലുള്ള വർഗീയ ഭീകരവാദികളും ആഘോഷിക്കുകയാണെന്ന് എൽഡിഎഫ് സ്ഥാനാർഥിയും സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ എം. സ്വരാജ്.

ആർഎസ്എസിന്റെ സ്വന്തം സ്ഥാനാർഥി താമര അടയാളത്തിൽ മത്സരിച്ച് കെട്ടിവെച്ച കാശ് നഷ്ടപ്പെട്ടിട്ടും സംഘപരിവാരം ആഘോഷിച്ചു തകർക്കുകയാണ്. ഇക്കാര്യത്തിൽ സംഘപരിവാരത്തിനൊപ്പം ജമാഅത്തെ ഇസ്‌ലാമിയുമുണ്ട്. സംഘപരിവാര നിലവാരത്തിൽ ആക്ഷേപവും പരിഹാസവും നുണയും ചേർത്ത് എൽഡിഎഫ് പരാജയം അവരും ആഘോഷിക്കുന്നുവെന്നും സ്വരാജ് ഫേസ്ബുക്കിൽ കുറിച്ചു. ഒരു കമ്യൂണിസ്റ്റ് എന്ന നിലയിൽ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുമ്പോഴും ആഹ്ലാദിക്കാൻ ഇതിൽപരം എന്തു വേണമെന്നും സ്വരാജ് ചോദിക്കുന്നു. പരാജയത്തിനിടയിലും ചില ആഹ്ലാദങ്ങൾ എന്ന തലക്കെട്ടോടെയാണ് സ്വരാജിന്റെ പുതിയ ഫേസ്ബുക്ക് പോസ്റ്റ്.

എം. സ്വരാജിന്റെ ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണരൂപം:

പരാജയത്തിനിടയിലും ചില ആഹ്ലാദങ്ങൾ. തിരഞ്ഞെടുപ്പിലെ എൽഡിഎഫിന്റെ പരാജയത്തിനുശേഷം ശ്രദ്ധയിൽപ്പെട്ട പ്രതികരണങ്ങളിൽ ചിലത് ഏറെ ആഹ്ലാദിപ്പിക്കുന്നതാണ്. എൽഡിഎഫിന്റെ പരാജയത്തിൽ ഏറ്റവും കൂടുതൽ ആഘോഷിക്കുന്നത് സംഘപരിവാരമാണ്.

വർഗീയവിഷ വിതരണക്കാരി മുതൽ ആർഎസ്എസിന്റെ കൂലിപ്പണി നിരീക്ഷകർ വരെ സകല വർഗീയവാദികളും ഇക്കൂട്ടത്തിലുണ്ട്. ആർഎസ്എസിന്റെ സ്വന്തം സ്ഥാനാർഥി താമര അടയാളത്തിൽ മത്സരിച്ച് കെട്ടിവെച്ച കാശ് നഷ്ടപ്പെട്ടിട്ടും സംഘപരിവാരം ആഘോഷിച്ചു തകർക്കുകയാണ്. ഇക്കാര്യത്തിൽ സംഘപരിവാരത്തിനൊപ്പം ജമാഅത്തെ ഇസ്‌ലാമിയുമുണ്ട്.

സംഘപരിവാര നിലവാരത്തിൽ ആക്ഷേപവും പരിഹാസവും നുണയും ചേർത്ത് എൽഡിഎഫ് പരാജയം അവരും ആഘോഷിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയുമായുള്ള കൂട്ടുകെട്ട്, എൽഡിഎഫിന്റെ പരാജയം അല്ലെങ്കിൽ യുഡിഎഫ് വിജയം തങ്ങൾക്കു കൂടി ആഘോഷിക്കാനുള്ളതാണെന്ന് സംഘപരിവാരവും ഇസ്‌ലാമിക സംഘപരിവാരവും ഒരുമിച്ചു തെളിയിക്കുന്നു. ഒരു കമ്യൂണിസ്റ്റ് എന്ന നിലയിൽ തിരഞ്ഞെടുപ്പിൽ പരാജയപ്പെടുമ്പോഴും ആഹ്ലാദിക്കാൻ ഇതിൽപരം എന്തു വേണം. ഒരേ സമയം ഹിന്ദുത്വ താലിബാനും ഇസ്‌ലാമിക സംഘപരിവാരവും കൈകോർത്തു നിന്ന് അക്രമിക്കുന്നുവെങ്കിൽ സകല നിറത്തിലുമുള്ള വർഗീയ ഭീകരവാദികൾ ഒരുമിച്ച് ആക്രമിക്കുന്നുവെങ്കിൽ അതിനേക്കാൾ വലിയ ആഹ്ലാദവും അഭിമാനവും വേറെയില്ല.

# എല്ലാ കിടപ്പുരോഗികൾക്കും പരിചരണം: നിർണായക ചുവടുവയ്പ്പുമായി കേരളം

### കേരള കെയർ: സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

സംസ്ഥാനത്തെ കിടപ്പുരോഗികളായ എല്ലാവർക്കും കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെ പ്രവർത്തനത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനം ജൂൺ 28ന് വൈകിട്ട് 4ന് എറണാകുളം കളമശ്ശേരി രാജഗിരി സ്കൂൾ ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളിലൊന്നാണ് സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരം പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചു. കിടപ്പിലായ എല്ലാ രോഗികൾക്കും ശാസ്ത്രീയ പരിചരണം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകളേയും കൂട്ടായ്മകളേയും ഗ്രിഡിന്റെ ഭാഗമാക്കും. സന്നദ്ധ സംഘടനകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രാഥമിക രജിസ്ട്രേഷനും ആരോഗ്യ സേവനങ്ങൾ നൽകുന്നവർക്ക് ആരോഗ്യ വകുപ്പിന്റെ രജിസ്ട്രഷനും നൽകി വരുന്നു. നിലവിൽ 1043 സ്ഥാപനങ്ങൾ ഗ്രിഡിന്റെ ഭാഗമായി.

പ്രയാസമനുഭവിക്കുന്ന രോഗികളെ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പരിചരിക്കാൻ തയ്യാറായ സന്നദ്ധ പ്രവർത്തകരെയും ഗ്രിഡിന്റെ ഭാഗമാക്കി വരുന്നു. അവർക്ക് സന്നദ്ധസേന പോർട്ടൽ (https://sannadhasena.kerala.gov.in/volunteerregistration) വഴി രജിസ്റ്റർ ചെയ്ത് പാലിയേറ്റീവ് ഗ്രിഡിന്റെ ഭാഗമാകാം.

ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നവർക്ക് ആവശ്യമായ പരിശീലനവും നൽകും. നിലവിൽ 7765 സന്നദ്ധ പ്രവർത്തകരാണ് രജിസ്റ്റർ ചെയ്തത്. ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ പാലിയേറ്റീവ് ഗ്രിഡിലൂടെ നിരീക്ഷിച്ച് എല്ലാ കിടപ്പ് രോഗികൾക്കും പരിചരണം ഉറപ്പാക്കുന്നു.

## തിരുവനന്തപുരം വെള്ളറടയിൽ കാർ നിയന്ത്രണം വിട്ട് കുഴിയിലേക്ക് മറിഞ്ഞു; ആറ് പേർക്ക് പരിക്ക്

തിരുവനന്തപുരം: വെള്ളറടയിൽ കാർ നിയന്ത്രണം വിട്ട് കുഴിയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ആറ് പേർക്ക് പരിക്ക്. പരിക്കേറ്റവരെ മൂന്ന് പേരെ വെള്ളറട സർക്കാർ ആശുപത്രിയിലും മറ്റുള്ളവരെ തിരുവനന്തപുരം മെഡിക്കൽ കോളജ് അടക്കം നഗരത്തിലെ ആശുപത്രകളിലും പ്രവേശിപ്പിച്ചു. മണ്ണന്തല സ്വദേശി ആദിത്യൻ (19), പാളയം സ്വദേശി അഹ്‌ന (19), മരുതൂർ സ്വദേശി അലീൻ (19) എന്നിവരാണ് വെള്ളറട സർക്കാർ ആശുപത്രിയിൽ ചികിത്സ നൽകിയത്. മറ്റുള്ളവരെ സംഭവ സ്ഥലത്തു നിന്നുതന്നെ നഗരത്തിലെ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. ആറുകാണിയിൽ നിന്ന് കുടപ്പനമൂട് വഴി തിരുവനന്തപുരത്തേക്ക് വരികയായിരുന്നു അപകടത്തിൽപ്പെട്ട കാർ. കൂട്ടപ്പു ഇറക്കം ഇറങ്ങുന്നതിനിടെ കയറ്റം കയറി വന്ന ഓട്ടോറിക്ഷയിൽ ഇടിക്കാതിരിക്കാൻ കാർ ഇടതുവശത്തേക്ക് തിരിച്ചപ്പോൾ നിയന്ത്രണം വിട്ട് കുഴിയിൽ പതിക്കുകയായിരുന്നു. വീഴ്ചയിൽ കാർ തകർന്നു. യാത്രക്കാരായിരുന്ന എല്ലാവർക്കും പരിക്കേറ്റിട്ടുണ്ട്.

## തമിഴ്നാട്ടിൽ വാഹനാപകടം; കോട്ടയം സ്വദേശിയായ നവവരൻ മരിച്ചു

ചെന്നൈ: തമിഴ്നാട് തിരുച്ചിറപ്പള്ളിയിൽ കാറും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ നവവരൻ മരിച്ചു. കോട്ടയം സ്വദേശി ഡോണറ്റ് ജോസഫ് ആണ് മരിച്ചത്. ഇയാളുടെ ഭാര്യ അമർലിയ അലക്സിന് പരിക്കുണ്ട്. ഇവരെ സമീപത്തെ ആശുപത്രിയിലേക്ക് മാറ്റി. പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം. ഇന്ന് രാവിലെയാണ് അപകടം. ഇവർ സഞ്ചരിച്ച കാർ ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. സംഭവസ്ഥലത്തുവച്ച് തന്നെ ഡോണറ്റ് മരിച്ചു.

## ഖത്തർ വ്യോമപാത അടച്ചു; ബഹറിനിലേക്ക് പോയ വിമാനങ്ങൾ തിരിച്ചുവിളിച്ചു

തിരുവനന്തപുരം: ഖത്തർ വ്യോമപാത അടച്ചതിനാൽ കേരളത്തിൽ നിന്നും ബഹറിനിലേക്ക് പുറപ്പെട്ട വിമാനങ്ങൾ തിരിച്ചുവിളിച്ചു. തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നും പുറപ്പെട്ട വിമാനങ്ങളാണ് തിരിച്ചുവിളിച്ചത്. രാത്രി പത്തിന് തിരുവനന്തപുരത്തു നിന്നും വൈകുന്നേരം ഏഴിന് കൊച്ചിയിൽ നിന്നും പുറപ്പെട്ട വിമാനങ്ങളാണ് തിരിച്ചുവിളിച്ചത്. ഖത്തറിലെ അമേരിക്കയുടെ സൈനിക താവളത്തിൽ ഇറാൻ ആക്രമണം നടത്തിയതിനു പിന്നാലെ വ്യോമപാത അടയ്ക്കുകയായിരുന്നു.

പത്തോളം മിസൈൽ ആക്രമണമാണ് ഇറാൻ നടത്തിയത്. അമേരിക്കയ്ക്കെതിരെ സൈനിക നടപടി തുടങ്ങിയെന്ന് ഇറാൻ വ്യക്തമാക്കി. ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഖത്തറിലെ ഇന്ത്യക്കാർക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

## വിതരണത്തിന് എത്തിച്ച പ്ലസ് ടു മാർക്ക് ലിസ്റ്റിൽ ഗുരുതര പിഴവ്

തിരുവനന്തപുരം: സ്കൂളുകളിൽ വിതരണത്തിന് എത്തിച്ച പ്ലസ് ടു മാർക്ക് ലിസ്റ്റിൽ ഗുരുതര പിഴവ്. ഒന്നാം വർഷത്തേയും രണ്ടാം വർഷത്തേയും മാർക്കുകൾ ചേർത്തുള്ള ആകെ മാർക്കാണ് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത്.

30, 000 വിദ്യാർഥികളുടെ മാർക്ക് ലിസ്റ്റിലാണ് പിഴവുള്ളത്. തെറ്റ് കണ്ടെത്തിയ മാർക്ക് ലിസ്റ്റുകൾ സ്കൂളുകൾ വിതരണം ചെയ്യേണ്ടതില്ലെന്ന് പ്രിൻസിപ്പൽമാർക്ക് ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് നിർദേശം നൽകി. മേയ് 22ന് പ്രസിദ്ധീകരിച്ച മാർക്ക് ലിസ്റ്റിലാണ് ഗുരുതര പിഴവുകളുള്ളത്. പിഴവ് സോഫ്റ്റ്‌വെയറിന്റെ വീഴ്ചയിൽ സംഭവിച്ചതാണെന്നാണ് വിവരം.

## റോഡരികിൽ യുവാവ് മരിച്ചനിലയിൽ; കൊലപാതകമെന്ന് സംശയം

പാലക്കാട്: റോഡരികിലെ കടയ്ക്കു മുന്നിൽ യുവാവിന്റെ മൃതദേഹം കണ്ടെത്തി. ധോണി റോഡിൽ മിൽമ ബൂത്തിനു സമീപത്താണ് ഇന്ന് പുലർച്ചെ മൃതദേഹം കണ്ടെത്തിയത്. മുട്ടിക്കുളങ്ങര സ്വദേശി വേണു എന്നയാളുടെ മൃതദേഹമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

സമീപത്ത് ചോരപ്പാടുകളുണ്ട്. കൊലപാതകമെന്നാണ് സംശയിക്കുന്നത്. ഇന്നു പുലർച്ചെ വഴിയാത്രക്കാരാണ് മൃതദേഹം കണ്ടത്.

പോസ്റ്റ്മോർട്ടത്തിനു ശേഷമേ കൂടുതൽ വിവരങ്ങൾ പറയാനാകൂ എന്ന് ഹേമാംബിക നഗർ പോലീസ് അറിയിച്ചു. സമീപത്തെ സിസി ടിവി ദൃശ്യങ്ങൾ പരിശോധിച്ച് അന്വേഷണം നടത്തിവരുന്നതായി പോലീസ് പറഞ്ഞു.




'പെയ്തിറങ്ങുന്ന ഓർമ്മകൾ' എന്ന പേരിൽ സംഘടിപ്പിച്ച മുൻ നിയമസഭാ സാമാജികരുടെയും നിയമസഭാ സെക്രട്ടേറിയറ്റിലെ മുൻജീവനക്കാരുടെയും മാധ്യമ പ്രവർത്തകരുടെയും കൂട്ടായ്മ സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്യുന്നു